LIBRARY ARCHIVES Kerala Legislative Assembly

മത്സ്യ സംസ്കരണ തൊഴിലാളികളുടെ മിനിമം വേതനം

218 (3654) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യസംസ്കരണ തൊഴിലാളികളുടെ മിനിമം വേതനം സംബന്ധിച്ച് മേഴ്സിക്കുട്ടിയമ്മ ചെയർപേഴ്സണായിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) റിപ്പോർട്ടിലെ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത് : വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) മത്സ്യ സംസ്കരണ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം സംബന്ധിച്ച് ശ്രീമതി മേഴ്സിക്കുട്ടിയമ്മ ചെയർപേഴ്സണായി ഒരു കമ്മിറ്റി രൂപീകരിച്ചതായോ ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിച്ചതായോ ബന്ധപ്പെട്ട വിവരം സർക്കാരിലോ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട വിവിധ ഏജൻസികൾ മുഖേന നടത്തിയ പരിശോധനയിലോ ലഭ്യമല്ല.

വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കൾ

219 (3655) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ എത്ര ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുവെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി അനുവദിച്ചു കിട്ടിയ കണ്ണൂർ ജില്ലയിലെ പെരിങ്ങോം ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷം തന്നെ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയ താൽക്കാലിക സംവിധാനത്തിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

(ബി) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ പെരിങ്ങോം വില്ലേജിൽ റീ-സർവ്വേ നമ്പർ 51-ൽപ്പെട്ട 202.35 ആർ സ്ഥലം പെരിങ്ങോം ഐ.ടി.ഐ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.